**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് ₹ 56500 - 118100 വേതന നിരക്കിൽ റേഷ്യോ അടിസ്ഥാന ഹയർ ഗ്രേഡ് പ്രമോഷൻ - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/31741/17/ഡി.ടി.ഇ  തിരുവനന്തപുരം , തീയതി: 04.01.2024

---

വായന:- 1.10.02.2021 ലെ സ.ഉ (പി) നം.27/2021/ധന,തിരുവനന്തപുരം നമ്പർ സർക്കാർ ഉത്തരവ്
2.09.11.2020 ലെ ഈ കാര്യാലയത്തിലെ ഇജി3/20280/20/ഡിടിഇ നമ്പർ സർക്കുലർ

**ഉത്തരവ്**

വായന (1) ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം XI കുറിപ്പ് (സി) പ്രകാരം, സീനിയർ സൂപ്രണ്ട് തസ്തികയുടെ ഇരുപത്തിയഞ്ച് ശതമാനം വരെ ₹ 56500 - 118100 വേതന നിരക്കിൽ റേഷ്യോ അടിസ്ഥാനത്തിൽ സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) പ്രമോഷന് അർഹതയുണ്ട്. ഈ വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിലെ അംഗീകൃത ശ്രേണി ബലം 73 ആണ്. അപ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലെ 18 ഉദ്യോഗസ്ഥർക്ക് ടി തസ്തികയിൽ അനുപാത സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുണ്ട്.

സീനിയർ സൂപ്രണ്ട് തസ്തികയിൽ അനുപാത സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ വിരമിച്ചത് മൂലം സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിൽ വന്ന ഒഴിവുകളിലേക്ക് വായന (2) അന്തിമ സീനിയോറിറ്റി പട്ടികയിലുൾപ്പെട്ട ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് വായന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ₹ 56500 - 118100 വേതന നിരക്കിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ അടിസ്ഥാനത്തിൽ ഹയർ ഗ്രേഡ് പ്രമോഷൻ അനുവദിച്ച് കൊണ്ടും, ടി ഉദ്യോഗസ്ഥരെ നിലവിലുള്ള സ്ഥാപനങ്ങളിൽ തുടരുവാൻ അനുവദിക്കുന്നതിൻറെ ഭാഗമായി തസ്തിക താത്ക്കാലികമായി സീനിയർ സൂപ്രണ്ട് (ഹഗ്രേ) ആക്കി ഉയർത്തി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| വായന (2) സീനിയോറിറ്റി പട്ടികയിലെ ക്രമ നം. | പേര്,സ്ഥാപനം,പെൻ | റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്ന തീയതി |
|---|---|---|
| 35 | ശ്രീ.പ്രസാദ്.എൻ.കെ<br>സീനിയർ സൂപ്രണ്ട്,<br>സർക്കാർ പോളിടെക്ക്നിക്ക് കോളേജ്,പുറപ്പുഴ<br>പെൻ - 394343 | 01.10.2023<br>(ശ്രീ.പ്രേമരാജൻ.എം.കെ<br>വിരമിച്ച ഒഴിവ്) |
| 37 | ശ്രീമതി.സീന എലിസബത്ത്.ജെ<br>സീനിയർ സൂപ്രണ്ട്,<br>സർക്കാർ വനിതാ പോളിടെക്ക്നിക്ക്<br>കോളേജ്,കായംകുളം<br>പെൻ - 419358 | 01.11.2023<br>(ശ്രീ.ശിവൻ.കെ.എ<br>വിരമിച്ച ഒഴിവ്) |
| 40 | ശ്രീമതി.മിലി.എസ്.എം<br>സീനിയർ സൂപ്രണ്ട്,<br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ<br>കാര്യാലയം,തിരുവനന്തപുരം<br>പെൻ - 385799 | 01.12.2023<br>(ശ്രീ.പ്രസാദ്.എൻ.കെ<br>വിരമിച്ച ഒഴിവ്) |

Draft #25 of File ED1/31741/17/DTE Approved by Director (in-charge) on 04-Jan-2024 04:57 PM - Page 1

സീനിയർ സൂപ്രണ്ട് തസ്തികയും, സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയും തമ്മിൽ ജോലിയിലും, തസ്തികകളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വത്തിലും (Duties and Responsibilities) വ്യത്യാസങ്ങൾ ഇല്ലാത്തതിനാൽ ടി അനുപാത സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യ തീയതി മുതൽ ഭാഗം - I, കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 23 (ഡി) യിലെ വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരം ടി ജീവനക്കാർക്ക് അനുപാത സ്ഥാനക്കയറ്റത്തിൻറെ ഭാഗമായുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഭാഗം - I, കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുപാത സ്ഥാനക്കയറ്റം ലഭിച്ച ടി ജീവനക്കാരുടെ ശമ്പള നിർണ്ണയം അതാത് ആഫീസ് മേധാവികൾ നടത്തേണ്ടതും, ആയതിൻറെ വിവരം ടി ജീവനക്കാരുടെ സേവന പുസ്തകത്തിലും, സ്പാർക്ക് ഡേറ്റാബേസിലും രേഖപ്പെടുത്തേണ്ടതുമാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്

1.സി.എ,ഡയറക്ടർ
2.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ
3.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (ഡി.റ്റി.ഇ വെബ് സൈറ്റ് മുഖേന)
4.ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (സ്ഥാപന മേധാവി മുഖേന)
5.അക്കൌണ്ടൻറ് ജനറൽ (എ & ഇ) കേരള,കോട്ടയം ശാഖ
6.സൂപ്രണ്ട്,ജീവനക്കാര്യം (എ) / (ജി), ഡിടിഇ (ഡിഡിഎഫ്എസ് വഴി)
7.സിസ്റ്റം അനലിസ്റ്റ്,ഡിടിഇ (വെബ് സൈറ്റിൽ പ്രസിദ്ധിക്കരിക്കുന്നതിന്)
8.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 04.01.2024
Reason: Approved

Draft #25 of File ED1/31741/17/DTE Approved by Director (in-charge) on 04-Jan-2024 04:57 PM - Page 2

The document is digitally approved. Hence signature is not needed.